# കേരള സർക്കാർ

സംഗ്രഹം

വിനോദസഞ്ചാര വകുപ്പ് - ഓണാഘോഷം 2015 - തിരുവനന്തപുരം കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലുമുള്ള സർക്കാർ ഓഫീസുകൾ വൈദ്യുത ദീപാലങ്കാരം ചെയ്യുന്നതിനായി സ്വന്തം ഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുമതി നൽകിയും മറ്റ് നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

വിനോദസഞ്ചാര (ബി) വകുപ്പ്

സർക്കാർ ഉത്തരവ് (എം.എസ്) നം.212/2015/ടൂറിസം തീയതി, തിരുവനന്തപുരം,01.08.2015

===

പരാമർശം - ടൂറിസം ഡയറക്ടറുടെ 10.6.2015 ലെ എം.2-5521/2015നമ്പർ കത്ത്

## ഉത്തരവ്

കേരള സർക്കാരിനു വേണ്ടി ടൂറിസം വകുപ്പ് ഓണാഘോഷ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നുണ്ട്. 2015 ലെ സംസ്ഥാനതല ഓണാഘോഷപരിപാടികൾ ആഗസ്റ്റ് 25 മുതൽ 31 വരെ തിരുവനന്തപുരത്ത് വിവിധ വേദികളിലായി നടത്തപ്പെടുകയാണ്. സംസ്ഥാനതല ഓണാഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് ഉത്സവമേഖലയിൽ വരുന്ന സർക്കാർ ഓഫീസുകളിൽ വൈദ്യുതാലങ്കാരം ഏർപ്പെടുത്തുന്നതിന് എല്ലാ വകുപ്പ മേധാവികൾക്കും അനുമതി നൽകി ഉത്തരവാകുന്നു.

2. ഓണാഘോഷ പരിപാടികൾ ഭംഗിയാക്കുന്നതിനായി താഴെപ്പറയുന്ന ഉത്തരവുകൾ കൂടി പുറപ്പെടുവിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(i) കവടിയാർ മുതൽ കിഴക്കേക്കോട്ട വരെയുള്ള റോഡിനിരുവശത്തുമുള്ള സർക്കാർ സ്ഥാപനങ്ങളുടെ വകുപ്പ തലവന്മാർക്ക് ഓണാഘോഷം 2015 ന്റെ ഭാഗമായി അവരുടെ ഓഫീസ് ദീപാലങ്കാരം ചെയ്യുന്നതിനായി സ്വന്തം ഫണ്ടിൽ നിന്നും 1,50,000/- രൂപ (ഒരു ലക്ഷത്തിഅമ്പതിനായിരം രൂപ വരെ മാത്രം) ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ii) പ്രസ്തുത റോഡിന്റെ ഇരുവശത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളും മറ്റ് സ്വയംഭരണസ്ഥാപനങ്ങളും സ്വന്തം ചെലവിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്നു.

(iii) ഓണാഘോഷ പരിപാടികൾ വിജയകരമായി നടത്തുന്നതിന് സർക്കാരിന്റെ എല്ലാ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നതിനോടൊപ്പം ദീപാലങ്കാരം ഏർപ്പെടുത്തുവാനും അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ജി.കമല വർദ്ധന റാവു
സെക്രട്ടറി.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും / പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും / സെക്രട്ടറിമാർക്കും
എല്ലാ വകുപ്പമേധാവികൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾക്കും
എല്ലാ സംസ്ഥാന / ജില്ലാ / പ്രാഥമിക സഹകരണ ബാങ്കുകൾ / സഹകരണ സംഘങ്ങൾ
എന്നിവയുടെ വകുപ്പ മേധാവികൾക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പൊതുഭരണ (എസ്. സി) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ